REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-01-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- വിവിധ റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും.
- നിലമ്പൂർ ഫോറസ്റ്റ് ഓഫിസ് തകർത്തതുമായി ബന്ധപ്പെട്ട് P.V അൻവർ MLA അറസ്റ്റിൽ. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത അദ്ദേഹത്തെ പുലർച്ചെ തവനൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി.
- സംസ്ഥാന സ്കൂൾ കലോത്സവ കിരീടപ്പോരാട്ടത്തിൽ കണ്ണൂർ മുന്നേറ്റം തുടരുന്നു. തൃശൂരും, കോഴിക്കോടും തൊട്ടുപിന്നിൽ.
- സംസ്ഥാനത്തെ എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സർവേ ഇന്ന് ആരംഭിക്കും.
- ബേപ്പൂർ വാട്ടർ ഫെസ്റ്റ് നാലാം സീസൺ സമാപിച്ചു.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് FC യെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

വിവിധ റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. പുതിയ ജമ്മു റെയിൽവേ ഡിവിഷൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തെലങ്കാനയിലെ ചാർലപ്പള്ളി ന്യൂ ടെർമിനൽ

സ്റ്റേഷന്റെ ഉദ്ഘാടനവും ഈസ്റ്റ് കോസ്റ്റ് റെയിൽവേയുടെ രായഗഡ റെയിൽവേ ഡിവിഷൻ കെട്ടിടത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

✪✪✪

നിലമ്പൂർ ഫോറസ്റ്റ് ഓഫിസ് തകർത്തതുമായി ബന്ധപ്പെട്ട് P.V അൻവർ MLA യെ പൊലീസ് അറസ്റ്റു ചെയ്തു. ഇന്നലെ രാത്രി പത്തു മണിയോടെ നിലമ്പൂർ ഒതായിയിലെ വീട്ടിൽ നിന്ന് DYSP യുടെ നേതൃത്വത്തിലാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. മജിസ്ട്രേറ്റിനു മുമ്പാകെ ഹാജരാക്കിയ അൻവറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്).....

റിമാന്റിലായ PV അൻവറിനെ പുലർച്ചെ തവനൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ പരിശോധന നടത്തിയ ശേഷമാണ് ജയിലിൽ എത്തിച്ചത്. ജയിലിലേക്ക് പ്രവേശിക്കുന്നതിനിടെ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് അൻവർ മൗനം പാലിച്ചു. കേസിൽ അറസ്റ്റിലായ നാല് DMK പ്രവർത്തരെയും തവനൂർ ജയിലിൽ എത്തിച്ചു. ഇന്ന് ജാമ്യാപേക്ഷ നൽകുമെന്ന് അൻവർ അറിയിച്ചു.

കൃത്യനിർവഹണം തടയൽ, പൊതുമുതൽ നശിപ്പിക്കൽ അടക്കം വകുപ്പുകൾ ചുമത്തിയാണ് അൻവറിനെ അറസ്റ്റ് ചെയ്തത്. കേസിൽ PV അൻവർ ഒന്നാം പ്രതിയാണ്. അൻവറുൾപ്പെടെ 11 പ്രതികളാണുള്ളത്.

കഴിഞ്ഞദിവസം കരുളായി ഉൾവനത്തിൽ ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ട മണി എന്ന യുവാവ് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ചാണ് MLA യുടെ നേതൃത്വത്തിൽ നിലമ്പൂർ ഫോറസ്റ്റ് സ്റ്റേഷൻ ഉപരോധിച്ചത്. സമരക്കാർ ഓഫിസിന്റെ പൂട്ട് തകർത്ത് അകത്തുകയറി നാശനഷ്ടങ്ങളുണ്ടാക്കിയിരുന്നു. ഇതേത്തുടർന്നാണ് പൊലീസ് നടപടി.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റേത് ഭരണകൂട ഭീകരതയാണെന്ന് P.V അൻവർ MLA കുറ്റപ്പെടുത്തി. അറസ്റ്റിലായതിന് പിന്നാലെയായിരുന്നു അൻവറിന്റെ പ്രതികരണം.

മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് അറസ്റ്റ് ചെയ്തതെന്നും അൻവർ പറഞ്ഞു.

✪✪✪

PV അൻവർ MLA യുടെ അറസ്റ്റിലെ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധി ശരിയല്ലെന്ന് KPCC പ്രസിഡന്റ് K സുധാകരൻ MP പറഞ്ഞു. പൊതുമുതൽ നശിപ്പിച്ച കേസിന്റെ പേരിൽ P.V അൻവറെ വീട് വളഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അറസ്റ്റ് ചെയ്യേണ്ട രാഷ്ട്രീയ സാഹചര്യം എന്താണെന്ന് അദ്ദേഹം കണ്ണൂരിൽ ചോദിച്ചു.

'പൊതുപ്രവർത്തകനും MLA യുമായ PV അൻവർ പിടികിട്ടാപ്പുള്ളിയല്ലെന്നും, അറസ്റ്റിന് പൊലീസ് അമിത വ്യഗ്രത കാണിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

CPIM സമ്മേളനവുമായി ബന്ധപ്പെട്ട് റോഡ് അടച്ച് സ്റ്റേജ് കെട്ടിയപ്പോൾ അന്ന് കേസെടുക്കാൻ ആത്മാർത്ഥത കാണിക്കാത്ത പൊലീസ്, അൻവറിനെ അറസ്റ്റ് ചെയ്യാൻ വ്യഗ്രത കാണിച്ചതിന് പിന്നിലെ ഉന്നത രാഷ്ട്രീയ ഗൂഢാലോചന വ്യക്തമാണെന്നും കെ. സുധാകരൻ പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കിരീടപ്പോരാട്ടത്തിൽ കണ്ണൂർ മുന്നേറ്റം തുടരുന്നു. തൃശൂരും, കോഴിക്കോടും തൊട്ടുപിന്നിൽ. രണ്ടു ദിവസങ്ങളിലായി 118 മത്സരങ്ങൾ പൂർത്തിയായപ്പോൾ കണ്ണൂരിന് 449 ഉം, തൃശൂരിന് 448 ഉം, കോഴിക്കോടിന് 446 ഉം പോയിന്റ് ലഭിച്ചു.

സ്കൂളുകളിൽ 65 പോയിന്റുമായി തിരുവനന്തപുരം കാർമ്മൽ ഹയർ സെക്കന്ററി സ്കൂൾ ആണ് ഒന്നാമത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

..........(വോയ്സ്)...........

മത്സരങ്ങൾ സമയ ബന്ധിതമായി അവസാനിച്ചു എന്നതായിരുന്നു സംസ്ഥാന കലോത്സവത്തിന്റെ രണ്ടാം ദിനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇന്നലെ രാത്രി 10.30 ഓടെ ഷെഡ്യൂൾ പ്രകാരമുള്ള

മത്സരങ്ങൾ അവസാനിച്ചത് സംഘാടകർക്കും മത്സരാർത്ഥികൾക്കും ഒരു പോലെ ആശ്വാസമായി. വേദികളിലെല്ലാം മികച്ച ജനപങ്കാളിത്തമായിരുന്നു ഉണ്ടായിരുന്നത്. മൂന്നാം ദിനമായ ഇന്ന് മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ ഹയർ സെക്കന്ററി വിഭാഗം പെൺകുട്ടികളുടെ കുച്ചുപ്പുടിയും ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ തിരുവാതിരയും അരങ്ങേറും.

ജനപ്രിയ ഇനങ്ങളായ മിമിക്രി, ചവിട്ട് നാടകം, മോണോ ആക്ട്,മൂകാഭിനയം എന്നിവ വിവിധ വേദികളിലായി ഇന്ന് നടക്കും. പുതുതായി ഉൾപ്പെടുത്തിയ ഗോത്ര നൃത്തകലാ രൂപങ്ങളിൽ ഒന്നായ മലപുലയ ആട്ടം നിശഗാന്ധിയിൽ അരങ്ങേറും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പുത്തരിക്കണ്ടം മൈതാനത്തെ ഭക്ഷണപ്പന്തൽ സന്ദർശിക്കും. കലോത്സവത്തിന്റെ ഭാഗമായി അറബിക്  സംസ്കൃത സെമിനാറുകളും പണ്ഡിത ആദരണവും  മന്ത്രി വി ശിവൻകുട്ടി ഇന്ന് ഉദ്ഘാടനം ചെയ്യും.

✪✪✪

ഫ്രഞ്ച് നാവിക കപ്പലുകളായ F S ഫോബെനും, FS അൽസാസും കൊച്ചി തുറമുഖത്ത് എത്തി. ഇന്ത്യ, ഫ്രാൻസ് നാവിക സേനകൾ തമ്മിൽ പരസ്പര പ്രവർത്തന ക്ഷമതയും സഹകരണവും വർദ്ധിപ്പിക്കുന്നതിന് സന്ദർശനം ഉപകരിക്കും എന്നാണ് കരുതുന്നത്.  ദക്ഷിണ മേഖല നാവിക കമാൻഡിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഫ്രഞ്ച് നാവിക കപ്പലുകളിലെ കമാൻഡിങ് ഓഫീസർമാർ ചർച്ച നടത്തും.

✪✪✪

സംസ്ഥാനത്തെ എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന്  സർവേ ഇന്ന് ആരംഭിക്കും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായാണ് സർവെ.

ഡെസ്ക്ക് റിപ്പോർട്ട്..

....(വോയ്സ്)....

ജൈവമാലിന്യ പരിപാലനത്തിൽ പരമാവധി ഉറവിട സംസ്കരണം ഉറപ്പാക്കുക, സാധ്യമാകാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി തലത്തിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ മാസം 12 വരെ വിവരശേഖരണം

നടത്തുന്നത്. സംസ്ഥാനത്താകെ ഒരു ലക്ഷത്തി 50,000 പേര്‍ വിവരശേഖരണത്തിന്റെ ഭാഗമാകും. ഹരിതകര്‍മ്മസേന, കുടുംബശ്രീ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങള്‍ എന്നിവരെ ഉള്‍പ്പെടുത്തി ഓരോ വാര്‍ഡിലും രണ്ട് മുതല്‍ മൂന്ന് വരെ സംഘങ്ങളായാണ് വിവരശേഖരണം നടത്തുന്നത്. അതത് കേന്ദ്രങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തില്‍ ഹരിതമിത്രം ആപ്ലിക്കേഷന്‍ ഉപയോഗിച്ചാണ് വിവരശേഖരണ പ്രവര്‍ത്തനങ്ങള്‍ നടക്കുക. ഹരിതമിത്രം ആപ്ലിക്കേഷനില്‍ രജിസ്റ്റര്‍ ചെയ്യാത്ത വീടുകളേയും സ്ഥാപനങ്ങളേയും ചേര്‍ക്കുന്ന പരിപാടിയും ഇതോടൊപ്പം നടത്തും.

✪✪✪

ബേപ്പൂരിലും ചാലിയത്തും കടലിലും ആകാശത്തും സാഹസികതയുടെയും വിനോദത്തിന്റെയും വിസ്മയ വിരുന്നൊരുക്കി ബേപ്പൂര്‍ വാട്ടര്‍ ഫെസ്റ്റ് നാലാം സീസണ്‍ സമാപിച്ചു. മന്ത്രി P.A മുഹമ്മദ് റിയാസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ സ്നേഹത്തിന്റെയും സൗഹാര്‍ദ്ദത്തിന്റെയും പേരായി ബേപ്പൂര്‍ അന്താരാഷ്ട്ര വാട്ടര്‍ ഫെസ്റ്റ് മാറിയതായി മന്ത്രി പറഞ്ഞു. വിശിഷ്ടാതിഥികള്‍ക്കും വിവിധ സേനാ മേധാവികള്‍ക്കും ചടങ്ങില്‍ മന്ത്രി ഉപഹാരം സമ്മാനിച്ചു. വാട്ടര്‍ ഫെസ്റ്റിന്റെ ഭാഗമായി നടന്ന വിവിധ മത്സരങ്ങളിലെ വിജയികള്‍ക്കു സമ്മാനങ്ങളും ചടങ്ങില്‍ വിതരണം ചെയ്തു.

സമാപന ചടങ്ങിന് മുന്നോടിയായി ബേപ്പൂര്‍ തുറമുഖത്തു നിന്നും ആരംഭിച്ച് സമാപന വേദിയായ മറീന ബീച്ചില്‍ അവസാനിച്ച വര്‍ണശബളമായ ഘോഷയാത്രയില്‍ മന്ത്രിയും ജനപ്രതിനിധികളും നാട്ടുകാരും ഉള്‍പ്പെടെ നൂറുകണക്കിന് ആളുകള്‍ പങ്കെടുത്തു. അന്താരാഷ്ട്ര ജല സാഹസിക കായിക ടൂറിസത്തിന്റെ ഭൂപടത്തില്‍ ബേപ്പൂര്‍ വാട്ടര്‍ ഫെസ്റ്റിനെ കൂടുതല്‍ അടയാളപ്പെടുത്തുന്നതായിരുന്നു നാലാം സീസണ്‍.

✪✪✪

കണ്ണൂര്‍ കല്യാശ്ശേരി മണ്ഡലത്തില്‍ ഔഷധ ഗ്രാമം രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കുറുന്തോട്ടിയില്‍ നൂറുമേനി. ഒമ്പത് പഞ്ചായത്തുകളിലായി 100 ഏക്കറിലാണ് കുറുന്തോട്ടി കൃഷി ചെയ്തത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരന്‍.

.........(വോയ്സ്)..........

കഴിഞ്ഞ ജൂലായിൽ മാടായിപ്പാറ തവരതടത്താണ് രണ്ടാംഘട്ട കുറുന്തോട്ടി കൃഷി ആരംഭിച്ചത്. മണ്ഡലത്തിലെ കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്തിൽ 20 ഏക്കർ വീതവും, ഏഴോം ചെറുതാഴം പഞ്ചായത്തുകളിൽ 15 ഏക്കർ വീതവും പട്ടുവം ,കല്യാശേരി, കണ്ണപുരം, കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ 10 ഏക്കർ വീതവും മാടായി, ചെറുകുന്ന് പഞ്ചായത്തുകളിൽ 5 ഏക്കറിലുമാണ് പദ്ധതി നടപ്പാക്കിയത്.ഇതിനായി 32.50 ലക്ഷം രൂപയാണ് ഗവൺമെൻറ് അനുവദിച്ചത്. . 97 കർഷകർ കുറുന്തോട്ടി കൃഷിയുടെ ഭാഗമായത്. വിളവെടുത്ത കുറുന്തോട്ടിയും വിത്തും സംസ്ഥാന പൊതുമേഖല സ്ഥാപനമായ തൃശൂരിലെ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി ഔഷധിയാണ് ശേഖരിക്കുന്നത്.വിളവെടുപ്പ് ഉത്സവം ഇന്ന് രാവിലെ ഏഴോം പാറമ്മലിൽ നടക്കുമെന്ന് എം വിജിൻ എം എൽ എ അറിയിച്ചു.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് FC യെ പരാജയപ്പെടുത്തി. എതിരില്ലാത്ത ഒരു ഗോളിനാണ് ഡൽഹിയിൽ ബ്ലാസ്റ്റേഴ്സിന്റെ ജയം.

15 മത്സരങ്ങൾ പൂർത്തിയാക്കിയ കേരള ബ്ലാസ്റ്റേഴ്സ് 17 പോയിന്റുകളുമായി ഒൻപതാം സ്ഥാനത്താണ്. ഈ മാസം 13-ന് ഒഡിഷയ്ക്കെതിരെ കൊച്ചിയിലാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

ഇന്ന് ഈസ്റ്റ് ബംഗാൾ FC, മുംബൈ സിറ്റി FC യെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

റാഞ്ചിയിൽ നടക്കുന്ന ദേശീയ സ്കൂൾ അത്-ലറ്റിക് മീറ്റിൽ പെൺകുട്ടികളുടെ ഹാമർത്രോയിൽ കേരളത്തിന് വെങ്കലം ലഭിച്ചു. മലപ്പുറം ആലത്തിയൂർ HSS ലെ സുഹൈമ നിലോഫറാണ് വെങ്കലം നേടിയത്.

✪✪✪

ജയ്പൂരിൽ നാളെ ആരംഭിക്കുന്ന 69-ാമത് നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരളത്തിന്റെ പുരുഷ ടീമിനെ U. അബ്ദുൽ റഹീമും, വനിതാ ടീമിനെ അശ്വതി രവീന്ദ്രനും നയിക്കും. ടീമിന് സംസ്ഥാന വോളിബോൾ ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ CK ഉസ്മാൻ ഹാജിയുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

✪✪✪

അയിരൂർ കഥകളി ഗ്രാമത്തിലെ പമ്പാ മണൽപ്പുറത്തെ വിദ്യാധിരാജ നഗറിൽ കഥകളി മേളയ്ക്ക് ഇന്ന് ആട്ടവിളക്ക് തെളിയും.

പത്തനംതിട്ട ജില്ലാ കഥകളി ക്ലബിന്റെ നേതൃത്വത്തിൽ ഈ മാസം 12 വരെ നടക്കുന്ന പതിനെട്ടാമത് കഥകളി മേളയിൽ എല്ലാ ദിവസവും മേജർസെറ്റ് കഥകളിയും കഥകളി പാഠ്യ കളരിയും നടക്കും. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നായി 100 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഥകളി പാഠ്യ കളരിയിൽ പങ്കെടുക്കും.

✪✪✪

പട്ടിക്കാട് ജാമി അ നൂരിയ അറബിയ സനദ്-ദാന സമ്മേളനം സമാപിച്ചു. പലസ്തീൻ അംബാസഡർ ഡോ. അബ്ദുൽ റസാഖ് അബൂജസർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ 522 യുവ പണ്ഡിതർ ഫൈസി ബിരുദം സ്വീകരിച്ചു.

✪✪✪

---

*News Reader: ഹക്കീംകൂട്ടായി*
*Casual News readers: അബ്ദുൽ കബീർ, അനുഷ ആത്മപ്രകാശ്*
DEO: ഷീബ